(ബി) പ്രസ്തുത കാലയളവിൽ ഹൈക്കോടതി നിർദ്ദേശപ്രകാരം എത്ര ക്രിമിനൽ കേസുകൾ സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ട് ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരംശേഖരിച്ചു നൽകുന്നതാണ്.

കിളിരൂർ കേസ് സംബന്ധമായ ഫയലും രേഖകളും നഷ്ടപ്പെട്ട സംഭവം

19(224) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിരൂർ കേസ് സംബന്ധമായ ഫയലും രേഖകളും നഷ്ടപ്പെട്ടതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണത്തിൽ വെളിപ്പെട്ട വിവരങ്ങളെന്താണെന്ന് വിശദമാക്കുമോ ;

(സി) ഇതുസംബന്ധമായി പുനരന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച കേസിൽ സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരാകാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 301/08 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

(ബി) അന്വേഷണത്തിൽ പരാതി സംഗതി കളവാണെന്ന് തെളിഞ്ഞതിനാൽ കേസ്സിന്റെ Refer Charge കോടതിക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

(സി) പുനരന്വേഷണം നടന്നുവരുന്നു. അന്വേഷണ റിപ്പോർട്ട് കോടതിക്ക് സമർപ്പിച്ചിട്ടില്ല.

(ഡി) ഗവൺമെന്റ് പ്ലീഡറല്ലാതെ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല.

സ്ത്രീ പീഡന കേസ്സുകൾ

20(225) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസ്സുകളിൽ ഇനിയും എത്ര പ്രതികളെ കണ്ടെത്താനുണ്ട് :

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടുവെന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കള്ളനോട്ട് തടയുവാൻ നടപടി

21(226) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കള്ളനോട്ട് വ്യാപകമായി പ്രചരിക്കുന്നതു തടയാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാന ട്രഷറിയിൽനിന്നും കൊടുത്ത നോട്ടിൽ പോലും കള്ളനോട്ട് കണ്ടെത്തിയതായുള്ള സംഭവം ഉണ്ടായിട്ടുണ്ടായെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) കള്ളനോട്ടു കേസ്സുകൾ അന്വേഷിക്കുന്നതിനായി സിബിസിഐഡി-യിൽ ഓർഗനൈസ്ഡ് ക്രൈം വിംഗ് രൂപീകരിച്ച് കേസ്സുകൾ അന്വേഷിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 663/2008-നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിനായി സി.ബി.സി.ഐ.ഡി-ക്ക് കൈമാറിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു.

കസ്റ്റഡി മരണങ്ങൾ

22(227) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര കസ്റ്റഡി മരണം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly